തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

200. [202] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ ഇല്ലാതാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കേരളത്തിൽ സർക്കാർ ഉടമയിൽ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണശാല തുടങ്ങാൻ വേണ്ട മേൽനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വ്യവസായ മേഖലയിൽ തുടങ്ങിയിട്ടുള്ളതും തുടങ്ങാൻ ഉദ്ദേശിക്കുന്നതുമായ എല്ലാ പദ്ധതികളും തൊഴിലധിഷ്ഠിതമാണ്.

(ബി) കേരളാ ഹാൻഡ്ലൂം ഫിനാൻസ് ആൻറ് ട്രെയിഡിംഗ് കോർപ്പറേഷന്റെ സബ്സിഡിയറിയായി രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു പൊതു മേഖലാ സ്ഥാപനമായ കേരളാ ഗാർമെൻറ്സ് ലിമിറ്റഡിന് 39.5 ലക്ഷം രൂപ മുതൽ മുടക്കി റെഡിമെയിഡ് വസ്ത്ര നിർമ്മാണം ആരംഭിക്കാൻ അനുമതി നൽകിക്കഴിഞ്ഞു. ഈ കമ്പനി ഉടൻതന്നെ ഉൽപാദനം തുടങ്ങുന്നതാണ്.

സ്റ്റീൽ കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ

201. [203] ശ്രീ. എം. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട്ടെ ഇരുമ്പയിർ ഉപയോഗിച്ചുകൊണ്ട് ഒരു സ്റ്റീൽ കോംപ്ലക്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി ?

ഉത്തരം

കോഴിക്കോടു ജില്ലയിൽ ഇതുവരെ കണ്ടുപിടിക്കപ്പെട്ട ഇരുമ്പയിർ നിക്ഷേപം ഉപയോഗിച്ച് പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്ന സ്റ്റീൽ പ്ലാൻറിന്റെ സാമ്പത്തിക വിജയത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിലേക്കാവശ്യമായ നടപടികൾ എടുത്തുവരുന്നു.

ചവറയിലെ ടൈറ്റാനിയം കോംപ്ലക്സിന്റെ പ്രാരംഭപ്രവർത്തനങ്ങൾ

202. [204] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറയിൽ സ്ഥാപിക്കുന്ന ടൈറ്റാനിയം കോംപ്ലക്സിന്റെ പ്രാരംഭപ്രവർത്തനങ്ങൾ എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ;

(ബി) ആദ്യഘട്ടത്തിന്റെ പ്രവർത്തനം എന്ന് ആരംഭിക്കും ;

(സി) ഓരോ ഘട്ടത്തിലും എത്രപേർക്ക് തൊഴിൽ ലഭിക്കും ;

(ഡി) മൊത്തം ചെലവ് എത്ര രൂപയെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഈ) അനുബന്ധ വ്യവസായങ്ങൾക്കുള്ള സാദ്ധ്യത എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly